കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ പ്രവർത്തന കാലാവധി 2021 ജൂലൈ 29 മുതൽ 2021 ഡിസംബർ 28 വരെ ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം. 173/2021/തസ്വഭവ *തിരുവനന്തപുരം, തീയതി , 11/ 08/2021*

---

*പരാമർശം:* 1. 22/10/12-ലെ സ.ഉ.(കൈ)നം.273/2012/തസ്വഭവ.

2. 21/10/16-ലെ സ.ഉ.(കൈ)നം.148/2016/തസ്വഭവ.

3. 28/10/19-ലെ സ.ഉ.(കൈ)നം.135/2019/തസ്വഭവ.

4. 28/7/2021-ലെ ആർ.ഡി1/86/2021/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ സുസ്ഥാപിതമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിക്കുകയും പരാമർശം (2) പ്രകാരം പുനഃസംഘടിപ്പിക്കുകയും പരാമർശം (3) പ്രകാരം പ്രവർത്തനം ദീർഘിപ്പിച്ച നൽകുകയും ചെയ്ത ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കാലാവധി 2021 ജൂലൈ 28-ന് അവസാനിച്ചിരുന്നു.

(2) 2021 ജൂലൈ 28-ൽ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ, മറ്റൊരു സർക്കാർ ഉത്തരവ് ഉണ്ടാകുന്നതു വരെ, നിലവിലുള്ള ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ പ്രവർത്തനം തുടരുന്നതിന് സർക്കാർ താത്പര്യപ്പെടുന്നതായി അറിയിച്ച കൊണ്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷന് പരാമർശം (4) പ്രകാരം കത്ത് നൽകിയിരുന്നു.

(3) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ടി കമ്മീഷന്റെ കൂടി സഹകരണത്തോടെയാണ് നടത്തി

വരുന്നത് എന്നതിനാലും ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ തുടർന്നു വരുന്നതിനാലും ഡോ.സി.പി.വിനോദ്, ചെയർമാനായ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കാലാവധി 2021 ഡിസംബർ 28 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ആർ.എസ്.കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

1. ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
2. സെക്രട്ടറി, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
6. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.